## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 199 — 26.03.2013 ലെ മറുപടിയ്ക്ക്

## നൈപുണ്യവികസന വായ്പ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. നൈപുണ്യവികസന വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പ്രാരംഭ ദശയിലാണ്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ഉന്നത വിദ്യാഭ്യാസം നേടിയ യുവജനങ്ങൾക്ക് ആശയവിനിമയചാതുര്യം, കംപ്യൂട്ടർ പരിജ്ഞാനം എന്നിവ വികസിപ്പിക്കുവാൻ ഉതകുന്ന കോഴ്സുകളിൽ ചേരാനുള്ള വായ്പ നൽകാനാണ് പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. കേരളത്തിലെ യുവജനങ്ങൾ ഉന്നത വിദ്യാഭ്യാസവും കഴിവും ഉള്ളവർ ആണെങ്കിലും അതിനനുസൃതമായ തൊഴിൽ നേടുവാൻ വേണ്ട നിർണ്ണായകമായ ആശയ വിനിമയ ചാതുര്യം, സാങ്കേതിക, കംപ്യൂട്ടർ പരിജ്ഞാനം എന്നിവയുടെ പോരായ്മകൾ മൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. ഇത്തരം പോരായ്മകൾ നികത്തി അവരെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | ഗവൺമെന്റിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള അംഗീകാരമുള്ള സ്ഥാപനങ്ങൾ IELTS, TOEFL, Career Oriented Diploma എന്നീ കോഴ്സുകൾ നടത്തുന്ന അംഗീകൃത സ്ഥാപനങ്ങൾ മുതലായ ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഇതിന്റെ കരട് കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.